അംബേദ്കർ പഠന ഗവേഷണ കേന്ദ്രം

118 [1463] ശ്രീ. പിരപ്പൻകോട് മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മണ്ണന്തലയിൽ ഡോ. അംബേദ്കറുടെ നാമധേയത്തിൽ ഒരു ബഹുമുഖ പഠന ഗവേഷണ സാംസ്കാരിക കേന്ദ്രം തുടങ്ങാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ണന്തലയിൽ 10 ഏക്കർ സ്ഥലം മേൽ ആവശ്യത്തിനായി ലഭ്യമായിട്ടുണ്ട്. അവിടെ ഒരു കെട്ടിട സമുച്ചയം അംബേദ്കർ ഭവനു വേണ്ടി നിർമ്മിക്കുന്നതാണ്. പ്രസ്തുത കെട്ടിടത്തിൽ മ്യൂസിയം, ആർട്ട് ഗ്യാലറി, കോൺഫറൻസ് ഹാളുകൾ, ലൈബ്രറികൾ, തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കും. നിർദ്ദിഷ്ട അംബേദ്കർ ഭവൻെറ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിനായി ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

സാംസ്കാരിക സ്ഥാപനങ്ങളിലെ മേലധികാരികളുടെ യാത്രാക്കൂലി

119 [1464] ഡോ. തോമസ് ഐസക്ക്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിലുള്ള സാംസ്കാരിക സ്ഥാപനങ്ങളിലെ ചെയർമാൻമാരും സെക്രട്ടറിമാരും 2001-02 മുതൽ 2004-05 വരെയുള്ള ഓരോ സാമ്പത്തിക വർഷവും എന്ത് തുക യാത്രാക്കൂലി ഇനത്തിൽ ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ടി കാലയളവിൽ ആരൊക്കെ ഏതൊക്കെ വിദേശ രാജ്യങ്ങൾ സന്ദർശിച്ചുവെന്നും അതിനായി എന്ത് തുക സർക്കാരിന് ചെലവഴിക്കേണ്ടിവന്നുവെന്നും വിശദീകരിക്കുമോ;

(സി) ഈ കാലയളവിൽ ആരൊക്കെ ഏതൊക്കെ അന്യസംസ്ഥാനങ്ങളിലേക്ക് യാത്രചെയ്തുവെന്നും അതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭ്യമായ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† ബാക്കിയുള്ള സ്ഥാപനങ്ങളിലെ കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു. കലാമണ്ഡലം മുൻ സെക്രട്ടറി ഡോ. കൽപ്പറ ബാലകൃഷ്ണൻ ദുബായ്, കൊറിയ എന്നീ രാജ്യങ്ങൾ സന്ദർശിക്കുകയും സെക്രട്ടറി ബാലചന്ദ്രൻ വടക്കേടത്ത് മസ്കറ്റ് സന്ദർശിക്കുകയും ചെയ്തു, ഇതിനായി സർക്കാർ പണം ചെലവഴിച്ചിട്ടില്ല. ബാക്കിയുള്ളവ ശേഖരിച്ചു നൽകുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള സംഗീത നാടക അക്കാദമി ചെയർമാൻ തഞ്ചാവൂരിലും പൂനയിലും പോയതിന് 19,612 രൂപ ചെലവായി. ഭരത് വേൻ, മറ്റി പർപ്പസ് കൾച്ചറൽ കോംപ്ലക്സ് എന്നീ സ്ഥാപനങ്ങളുടെ മുൻ മെമ്പർ സെക്രട്ടറി ശ്രീ. ആർ. ഗരത്ചന്ദ്ര കുമാർ ബറോഡ, മദ്രാസ്, ഡൽഹി, മഹാരാഷ്ട്ര, ബംഗാൾ എന്നീ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തതിന് 2,52,130 രൂപ ചെലവായിട്ടുണ്ട്. കേരള ഫോക്ലോർ അക്കാദമിയിൽ നിന്നും മുൻസെക്രട്ടറി ശ്രീ. സുരേഷ് ബാബു തഞ്ചാവൂരിൽ പോയ ഇനത്തിൽ 1,494 രൂപയും ചെലവായിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

കേന്ദ്ര വന്യജീവി വകുപ്പിന്റെ അംഗീകാരമുള്ള മൃഗശാലകൾ

120 [1466] **ശ്രീ. സി. കെ. നാണു:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വന്യജീവി വകുപ്പിന്റെ അംഗീകാരമുള്ള എത്ര മൃഗശാലകൾ കേരളത്തിൽ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ; അവയുടെ പേരുകൾ വ്യക്തമാക്കുമോ;

(ബി) അംഗീകാരം നൽകാത്തതോ ഇപ്പോൾ അംഗീകാരമില്ലാത്തതോ ആയ മൃഗശാലകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് നിർദ്ദേശം എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട്. തിരുവനന്തപുരം മൃഗശാലയും തൃശ്ശൂർ മൃഗശാലയും.

(ബി) സെൻട്രൽ സൂ അതോറിറ്റിയുടെ അംഗീകാരമില്ലാത്ത മൃഗശാലകൾക്കെതിരെ വന്യജീവി സംരക്ഷണ നിയമം അനുസരിച്ച് ബന്ധപ്പെട്ട അധികൃതർ നടപടി സ്വീകരിച്ചിട്ടുണ്ട്.

മൃഗശാലകളിലെ മാനുകളുടെ വന്ധ്യംകരണം

121 [1467] **ശ്രീ. സി. പി. മുഹമ്മദ്:**
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തും തൃശ്ശൂരുമുള്ള മൃഗശാലകളിലെ എത്ര മാനുകളെയും മാൻ വർഗ്ഗത്തിൽപ്പെട്ട മൃഗങ്ങളെയും 2005-ൽ വന്ധ്യംകരിച്ചു;

(ബി) ഇവയിൽ എത്രയെണ്ണം ചത്തു;

(സി) അവ ചാകാനുള്ള കാരണമെന്ത്;

(ഡി) തിരുവനന്തപുരം മൃഗശാലയിലെ സാംബർ ഇനത്തിൽപ്പെട്ട ഒരു മാൻ ചത്തത് വന്ധ്യംകരണം കഴിഞ്ഞ് ബോധം വീണയുടൻ മറ്റൊരു മാനുമായി ഏറ്റുമുട്ടിയതിന്റെ ഫലമായാണോ;

(ഇ) വന്ധ്യംകരണം ചെയ്ത മാനുകളെ പ്രത്യേകം ഏകാന്തതയിൽ പാർപ്പിക്കാതിരുന്നതെന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly